(ഇ) ഡയറക്ടർ ഓഫ് സ്റ്റുഡന്റ്സ് സർവീസ് തസ്തികയിലേക്ക് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. ഇതിന്റെ ഇന്റർവ്യൂ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഡെപ്യൂട്ടി കമ്മീഷണർ ഫോർ എക്സാമിനേഷൻസ് എന്ന തസ്തിക സർവ്വകലാശാലയിൽ നിലവിലില്ല.

(എഫ്) സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻസ് ആന്റ് ഇൻഫർമേഷൻ സയൻസിന്റെ തലവനായി സ്ഥിരം തസ്തികയോ സ്ഥിരം നിയമനമോ ഇല്ല.

കേരള യൂണിവേഴ്സിറ്റിയിൽ ഭാഷാ ശാസ്ത്ര വകുപ്പിൽ അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ

139 (4422) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റിയിൽ ഭാഷാ ശാസ്ത്ര വകുപ്പിൽ എത്ര അദ്ധ്യാപക തസ്തികകളാണുള്ളത് ;

(ബി) നിലവിൽ എത്ര അദ്ധ്യാപകർ ജോലി നോക്കുന്നുവെന്നും, എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഒഴവുകൾ നികത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) നിയമനം നടത്താനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഇ) എന്നത്തേയ്ക്ക് നിയമനം നടത്തുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള സർവ്വകലാശാലയുടെ ഭാഷാശാസ്ത്രവകുപ്പിൽ ഏഴ് അദ്ധ്യാപക തസ്തികകളാണുള്ളത്.

(ബി) നിലവിൽ രണ്ട് അദ്ധ്യാപകർ ജോലി നോക്കുന്നുണ്ട്. അഞ്ച് തസ്തികകളിൽ ഒഴിവുണ്ട്.

(സി) അഞ്ച് ഒഴിവുകളും നികത്താൻ നടപടികൾ പുരോഗമിച്ചു വരികയാണ്. മൂന്ന് ഒഴിവുകൾ നികത്താനായി വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലക്ചറർ തസ്തികയിലേക്കുള്ള നിയമനത്തിനുവേണ്ട മിനിമം യോഗ്യതയിൽ യു.ജി.സി. മാറ്റം വരുത്തിയതും, ഇതു സംബന്ധമായ കേസുകൾ ഹൈക്കോടതിയിൽ നിലവിലിരുന്നതുമാണ് നിയമനം നടത്തുന്നതിനുള്ള കാലതാമസത്തിനു കാരണം.

(ഇ) ലക്ചറർ തസ്തികയിലേയ്ക്ക് ലഭിച്ച അപേക്ഷകൾ സ്ക്രീനിംഗ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിച്ച് നിയമനം നടത്തുന്നതിന് വേണ്ട നടപടികൾ യൂണിവേഴ്സിറ്റി സ്വീകരിച്ചിട്ടുണ്ട്

തന്റേതല്ലാത്ത കാരണത്താൽ പരീക്ഷാസമയത്ത് സമയം നഷ്ടപ്പെടുന്ന വിദ്യാർത്ഥികൾക്ക് അധികസമയം നൽകുന്നതിന് നടപടി

140 (4423) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പട്ടം സെന്റ് മേരിസ് ഹയർ സെക്കന്ററി സ്കൂളിൽ മെഡിക്കൽ എൻട്രൻസ് പരീക്ഷ എഴുതിയ വി. ലക്ഷ്മി എന്ന വിദ്യാർത്ഥിനിയ്ക്ക് (രജി. നം. 21097) നൽകിയ ചോദ്യപേപ്പറിൽ 47 മുതൽ 76 വരെയുള്ള ചോദ്യങ്ങൾ കാണാനില്ലായിരുന്നുവെന്നും, ബന്ധപ്പെട്ടവരെ ഇക്കാര്യം അറിയിച്ച് പകരം ചോദ്യപേപ്പർ നൽകാൻ വേണ്ടി എടുത്ത 15 മിനിട്ടോളം സമയം ഈ കുട്ടിയ്ക്ക് പരീക്ഷ എഴുതാൻ നഷ്ടപ്പെട്ടുവെന്നും ഈ സമയം അധികമായി അനുവദിക്കാൻ അധികാരികൾ തയ്യാറായില്ല എന്നും കാണിച്ച് ഒരു പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു :

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ പോകുന്നത് :

(ഡി) തന്റേതല്ലാത്ത കാരണത്താൽ പരീക്ഷാ സമയത്ത് സമയം നഷ്ടപ്പെടുന്ന വിദ്യാർത്ഥികൾക്ക് അധിക സമയം നൽകാനുള്ള നടപടി ഭാവിയിലെങ്കിലും സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ട്, കമ്മീഷണറുടെ പ്രതിനിധി, ലെയ്സൺ ഓഫീസർ, വിദ്യാർത്ഥി പരീക്ഷ എഴുതിയ ഹാളിലെ ഇൻവിജിലേറ്റർ എന്നിവരിൽ നിന്നും വിശദീകരണം ആവശ്യപ്പെടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഈ നാല് ഉദ്യോഗസ്ഥരും 25-4-2003-ൽ വിശദീകരണം നൽകിയിട്ടുണ്ട്. പരാതിയിൽ പറയുന്നതുപോലെ ചോദ്യപേപ്പർ മാറ്റി നൽകിയതുവഴി 15 മിനിറ്റ് നഷ്ടപ്പെട്ടിട്ടില്ല എന്നും നഷ്ടപ്പെട്ട രണ്ട് മിനിട്ടിന് പകരം സമയം അനുവദിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly